Website: www.keralapsc.gov.in
e.mail: dowyd@psc.kerala.gov.in
Telephone No: 04936 202539

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ് വയനാട്

റാങ്ക് ലിസ്റ്റ് നമ്പർ .243/2018/DOW
കാറ്റഗറി നമ്പർ: 067/2017

കൽപ്പറ്റ
തീയ്യതി: 21/03/2018

## വിജ്ഞാപനം

29.04.2017 തിയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കേരള സംസ്ഥാന സർവ്വീസിൽ വയനാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ 20000 – 45800 രൂപ ശമ്പള നിരക്കിൽ വനിത സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 067/2017) തസ്തികയുടെ തെരഞ്ഞെടുപ്പിനായി വയനാട് ജില്ലയിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെ യോഗ്യതയുള്ളവർക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പിനായി 25.01.2018, 27.01.2018 തീയ്യതികളിൽ നടത്തിയ ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലും 09.03.2018 തിയ്യതിയിൽ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലും യോഗ്യരെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക താഴെ കൊടുക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് **21.03.2018** മുതൽ പ്രാബല്യമുണ്ടായിരിക്കും.

ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്നത് മുതൽ ഒരു വർഷം ആയിരിക്കും. നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വയനാട് ജില്ലയിലെ വനാന്തരങ്ങളിലും വനാതിർത്തിയിലും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് നിയമന ശിപാർശ നടത്തുന്നത് എന്നതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ ലഭിക്കണമെന്നില്ല. റാങ്ക് ലിസ്റ്റ് റദ്ദാക്കപ്പെടുന്ന സമയത്ത് റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ പിന്നീട് നിയമന ശിപാർശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ഒപ്പ്
റ്റി. ആർ അനിൽകുമാർ
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ് വയനാട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ